(1) 1986—ലെ കേരള പഞ്ചായത്ത് (ഭേദഗതി) ഓർഡിനൻസ് (1986—ലെ 4—ാം നമ്പർ ഓർഡിനൻസ്).

(2) 1986—ലെ തിരുവിതാംകൂർ —കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ഓർഡിനൻസ് (1986—ലെ 19—ാം നമ്പർ ഓർഡിനൻസ്).

കൃഷി വകുപ്പു മന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ): സർ, താഴെ പറയുന്ന കടലാസ് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1986—ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് (1986—ലെ 9—ാം നമ്പർ ഓർഡിനൻസ്.)

ട്രാൻസ്പോർട്ടു വകുപ്പു മന്ത്രി (ശ്രീ. പി.കെ. വേലായുധൻ): സർ, താഴെ പറയുന്ന കടലാസ് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1986—ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി ഓർഡിനൻസ്) 1986—ലെ 9—ാം നമ്പർ ഓർഡിനൻസ്)

ശ്രീ. എം.എം. ഹസ്സൻ: സർ, ഞാൻ ഈ സഭയുടേയും സഭാംഗങ്ങളുടേയും അവകാശലംഘനം നടത്തി എന്ന കുറ്റം ആരോപിച്ചു കൊണ്ട് ഇ.എം.എസ്സിന് എതിരായി ഒരു നോട്ടീസ് നൽകിയിരുന്നു. അതിൽ അങ്ങയുടെ തീരുമാനം എന്തെന്നു വെളിപ്പെടുത്താൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: അതിന്റെ സമഗ്രമായ വശങ്ങൾ പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. അതുപോലെ തന്നെ ശ്രീ. വർക്കല രാധാകൃഷ്ണന്റെ പ്രിവിലേജ് നോട്ടീസും വിശദമായി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

VII. റിപ്പോർട്ട് സമർപ്പണം

(1) ഒന്നാം സബ്ജക്ട് കമ്മിറ്റിയുടെ അഞ്ചാമതു റിപ്പോർട്ട്.

കൃഷിവകുപ്പു മന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ): കൃഷിയും സംയോജിത ഗ്രാമവികസനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി 1—ന്റെ ചെയർമാനായ ഞാൻ 1986—87—ലേക്കുള്ള ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് അവതരിപ്പിക്കുന്നു.

(2) രണ്ടാം സബ്ജക്ട് കമ്മിറ്റിയുടെ അഞ്ചാമതു റിപ്പോർട്ട്

റവന്യൂ വകുപ്പു മന്ത്രി (ശ്രീ. പി.ജെ. ജോസഫ്): ഭൂനികുതിയും വനവും മൽസ്യബന്ധനവും സംബന്ധിച്ച രണ്ടാം സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ 1986—87—ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ചു അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(3) മൂന്നാം സബ്ജക്ട് കമ്മിറ്റിയുടെ അഞ്ചാമതു റിപ്പോർട്ട്

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി): ജലസേചനവും വൈദ്യുതിയും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി മൂന്നിന്റെ ചെയർമാനായ ഞാൻ 1986—87—ലേക്കുള്ള ധനാഭ്യർത്ഥനകളിൻമേലുള്ള പരിശോധന സംബന്ധിച്ച കമ്മിറ്റിയുടെ അഞ്ചാമതു റിപ്പോർട്ട് അവതരിപ്പിക്കുന്നു.

GPM. 2/489/09

LIBRARY ARCHIVES Kerala Legislative Assembly